പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1213 — 08.02.2013-ലെ മറുപടിക്ക്

## ഭൂസംരക്ഷണ സമരം

| ചോദ്യം<br>ഡോ.ടി.എം.തോമസ് ഐസക് | | മറുപടി<br>ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2013 ജനുവരി 1 മുതൽ നടന്ന ഭൂസംരക്ഷണ സമരത്തിന്റെ ഭാഗമായി ഏതെല്ലാം ഭൂമികളിൽ പ്രവേശനം നടത്തുകയുണ്ടായെന്നും ഏതെല്ലാം ഭൂമികളിൽ ഭൂരഹിതർ കടിൽ കെട്ടിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | വിശദവിവരങ്ങൾ അനുബന്ധം 'എ' യിൽ കാണാവുന്നതാണ്. |
| (ബി) | ഭൂസമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെട്ട മിച്ച ഭൂമി ഏതൊക്കെയാണ്; ഇവ ഏറ്റെടുത്ത് ഭൂരഹിതർക്ക് പതിച്ച് നല്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; | (ബി) | ഭൂസമരത്തിന്റെ ഭാഗമായി മിച്ചഭൂമികളൊന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. |
| (സി) | സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും കേസുകളിൽ അകപ്പെട്ടതിനാൽ ഏറ്റെടുക്കാൻ കാലതാമസം വന്നിട്ടുള്ളതും അല്ലാത്തതുമായ മൊത്തം മിച്ചഭൂമി എത്ര ഏക്കറാണ്; | (സി) | 6267.64 ഹെക്ടർ. |
| (ഡി) | ഭൂരഹിതർക്ക് 10 സെന്റ് വീതം നല്കുന്നതിനാവശ്യമായി വരുന്ന ഭൂമി എത്ര ഏക്കറാണ്; വിശദമാക്കാമോ? | (ഡി) | കേരള സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്ക് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള Zerolandless(citizens)kerala. 2015 പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളുടെ പ്രാഥമിക ഘട്ട പരിശോധന പൂർത്തിയാക്കി 15.08.2012 ൽ പ്രസിദ്ധീകരിച്ച ലിസ്റ്റ് പ്രകാരം കേരളത്തിൽ 233232 ഭൂരഹിതരുണ്ട്. ഇവർക്ക് 10 സെന്റ് ഭൂമി വീതം പതിച്ച് നൽകുന്നതിലേക്ക് ഏകദേശം 25655 ഏക്കർ ഭൂമി ആവശ്യമായി വരുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - എ

| | |
|---|---|
| തിരുവനന്തപുരം | 1) ചിറയിൻകീഴ് താലൂക്കിൽ മടവൂർ വില്ലേജിൽ റീസർവ്വെ നമ്പർ 445/1 ൽപ്പെട്ട 1.2510 ഹെക്ടർ മിച്ചഭൂമി<br>2) നെടുമങ്ങാട് താലൂക്കിൽ ആനാട് വില്ലേജിൽ റീസർവ്വെ 72/1, 72/6 എന്നിവയിലുൾപ്പെട്ട 4.04.76 ഹെക്ടർ മിച്ചഭൂമി<br>3) നെടുമങ്ങാട് താലൂക്കിൽ തേക്കട വില്ലേജിൽ ബ്ലോക്ക് നമ്പർ 30 ൽ റീസർവ്വെ നമ്പർ 161 ൽപ്പെട്ട പോളുപാറ എസ്റ്റേറ്റ് എന്നറിയപ്പെടുന്ന പണ്ടാരവകഭൂമി |
| കൊല്ലം | 1) കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ ആര്യങ്കാവ് വില്ലേജിൽ "നാഗമല" (ഹാരിസൺ മലയാളം പ്ലാന്റേഷൻ വക) ഭൂമിയിൽ 10 ഏക്കർ സ്ഥലത്ത് 40 ഓളം കുടുംബങ്ങൾ കുടിൽ കെട്ടി സമരം നടത്തിയിരുന്നു. നിലവിൽ ടി സമരക്കാരെ നീക്കം ചെയ്തിട്ടുള്ളതാണ്.<br>2) കൊട്ടാരക്കര താലൂക്കിൽ ചിതറ വില്ലേജിൽ മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്ത് കെ.എസ്.കെ.റ്റി.യുടെ നേതൃത്വത്തിൽ 100 ഓളം കുടിലുകൾ കെട്ടിയിരുന്നു. (ടി സ്ഥലത്തു നിന്നും സമരക്കാരെ നീക്കം ചെയ്തു)<br>3) പത്തനാപുരം താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ അരിപ്പയിൽ 54 ഏക്കർ റവന്യൂ ഭൂമിയിൽ ADMS സമര സമിതിയുടെ നേതൃത്വത്തിൽ 721 കുടിലുകൾ കെട്ടി 1276 പേർ താമസിച്ചു വരുന്നു. (കുടിയേറ്റക്കാരെ ഒഴിപ്പിച്ചിട്ടില്ല) |
| പത്തനംതിട്ട | കിടപ്പാടത്തിനായുള്ള ഭൂരഹിതരുടെ പ്രക്ഷോഭത്തിന്റെ ഭാഗമായി ജില്ലയിൽ അടൂർ താലൂക്കിൽ കലഞ്ഞൂർ വില്ലേജ്, റാന്നി താലൂക്കിൽ പെരുനാട് വില്ലേജ്, കോഴഞ്ചേരി താലൂക്കിൽ അരുവാപ്പലം വില്ലേജ്, ആറന്മുള വിമാനത്താവള പദ്ധതി പ്രദേശം എന്നിവിടങ്ങളിൽ കുടിൽ കെട്ടിയുള്ള സമരങ്ങൾ നടന്നു. |
| ആലപ്പുഴ | 1) കുട്ടനാട് താലൂക്കിൽ കൈനകരി വില്ലേജിൽ പള്ളാത്തുരുത്തി പാടത്തിനു സമീപം (സർവ്വെ നമ്പർ 325/12, 326/1, 326/4) (കുടിൽ കെട്ടിയിട്ടില്ല)<br>2) ചേർത്തല താലൂക്കിൽ കൊക്കോതമംഗലം വില്ലേജിൽ മാമ്പലക്കരി ചക്കരക്കള ഗവ.എൽ.പി.എസിന് പടിഞ്ഞാറ് (സർവ്വെ നമ്പർ 31/2 എ, 31/2 ബി, 31/5) (കുടിൽ കെട്ടിയിട്ടില്ല)<br>3) ചേർത്തല താലൂക്കിൽ തൈക്കാട്ടുശ്ശേരി വില്ലേജിൽ തൈക്കാട്ടുശ്ശേരി മണിയാതുരുത്ത് വടക്ക്, എം.എൽ.എ |

| | |
|---|---|
| | റോഡുവഴി വടക്ക് (സർവ്വെ നമ്പർ 95/1, 95/6, 95/3, 95/4) (കുടിൽ കെട്ടിയിട്ടില്ല)<br>4) അമ്പലപ്പുഴ താലൂക്കിൽ പഴവീട് വില്ലേജിൽ കളർകോട് എ.സി.റോഡിൽ ഒന്നാം പാലത്തിനു കിഴക്ക് റോഡിനു, തെക്കുവശം (സ.നമ്പർ 728/1 എ, 729/1, 730/2 എ, 728/1 എ, 728/1 സി, 728/1 ഇ, 728/1 എഫ്, 728/1 ഡി, 729/2, 728/1 എ, 728/1, 729/1)(കുടിൽകെട്ടിയിട്ടില്ല)<br>5) അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ എൻ.എച്ച്.47 ൽ കപ്പക്കട ജംഗ്ഷന് കിഴക്കു പുന്നുരംപാടശേഖരം (റീ.സ.നമ്പർ 183/3/1/4/5/6/2)(കുടിൽകെട്ടിയിട്ടില്ല)<br>6) കുട്ടനാട് താലൂക്കിൽ കൈനകരി വില്ലേജിൽ പുളിങ്കുന്ന് ജങ്കാർ കയറിവില്ലേജ് ഓഫീസ് കഴിഞ്ഞ് എസ്.എൻ.ഡി.പി. ജംഗ്ഷനു പടിഞ്ഞാറ് മൂർത്തിനട ക്ഷേത്രത്തിനു സമീപം (സ.നം.121/1)(കുടിൽ കെട്ടിയിട്ടുണ്ട്, സമരത്തിനു ശേഷം പൊളിച്ചു നീക്കി)<br>7) ചെങ്ങന്നൂർ താലൂക്കിൽ കരട്ടിശ്ശേരി വില്ലേജിൽ മാന്നാർ തൃക്കരട്ടി മഹാദേവ ക്ഷേത്രത്തിനു പടിഞ്ഞാറ് (സ.നമ്പർ.166/1,166/31,166/36)(കുടിൽകെട്ടിയിട്ടുണ്ട്)<br>8) ചെങ്ങന്നൂർ താലൂക്കിൽ ആല വില്ലേജിൽ പെണ്ണുക്കര യു.പി.സ്കൂളിനു 100 മീറ്റർ വടക്ക് കിഴക്ക് (സ.നം.344/3) (കുടിൽകെട്ടിയിട്ടില്ല)<br>9) മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ തഴക്കര ഗ്ലാസ് ജംഗ്ഷന് തെക്ക് ബ്ലോക്ക് 5(സ.നം.366/7) (കുടിൽകെട്ടിയിട്ടില്ല)<br>10) മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ കണ്ണനാകുഴി ചീപ്പുമുക്കിന് തെക്കുകിഴക്ക് ബ്ലോക്ക് 17(സ.നം.112/1, 112/1/2, 112/2, 112/7, 112/7/1, 112/8/2, 91/3)(കുടിൽ ഇല്ല)<br>11) കാർത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ വില്ലേജിൽ കരുവാറ്റ ഹൈസ്കൂളിനു പടിഞ്ഞാറ് (റീ.സ.നം.63,64,65,66) (കുടിലില്ല)<br>12) കുട്ടനാട് താലൂക്കിൽ തകഴി വില്ലേജിൽ റീ.സ.നം.524(സർക്കാർ പുറമ്പോക്കിൽ കെട്ടിയിരുന്ന 36 കുടിലുകളും പൊളിച്ചു നീക്കിയിട്ടുണ്ട്)(01.02.2013 ലെ സ്ഥിതി) |
| കോട്ടയം | കോട്ടയം താലൂക്കിൽ അതിരമ്പുഴ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ |

| | |
|---|---|
| | 233/1 ൽപ്പെട്ട 17.84 ആർ സ്ഥലത്ത് സി.പി.എം.ന്റെ നേതൃത്വത്തിലുള്ള കർഷക സംഘടന കയ്യേറി, 1 കുടിൽ കെട്ടിയിരുന്നു. ടി ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള മിച്ചഭൂമിയാണ്. കോട്ടയം താലൂക്കിലെ തന്നെ കുമരകം വില്ലേജിൽ, ബ്ലോക്ക് 12 ൽ കുമരകം അട്ടിപ്പീടിക നസ്രത്ത് റോഡിൽ പള്ളിക്കായൽ ജംഗ്ഷനിൽ നിന്നും ഏകദേശം ½ കിലോമീറ്റർ മാറി സ്ഥിതി ചെയ്യുന്ന മെത്രാൻ കായൽ പാടശേഖര പ്രദേശത്ത് സി.പി.ഐ(എം)ന്റെ നേതൃത്വത്തിൽ 13 താല്ക്കാലിക കുടിലുകൾകെട്ടി സമരം നടത്തി വന്നിരുന്നു. ടി ഭൂമി 34 സ്വകാര്യ കൈവശക്കാരുടെ കൈവശത്തിലിരിക്കുന്ന ഭൂമിയാണ്. ഇവ കൂടാതെ വൈക്കം താലൂക്കിൽ ചെമ്പ് വില്ലേജിൽ മൂലേക്കാട്ടു ഭാഗത്ത്, സർവ്വെ നമ്പർ 217/1 ൽപ്പെട്ട പുത്തുറ മിച്ചഭൂമി കയ്യേറിയും ഒരു കുടിൽ കെട്ടിയിരുന്നു. |
| ഇടുക്കി | ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ, ഇടുക്കി വില്ലേജിൽ, താന്നിക്കണ്ടം എന്ന സ്ഥലത്തും, പീരുമേട് താലൂക്കിൽ വാഗമൺ, പീരുമേട് വില്ലേജുകളിലും, ഉടുമ്പൻചോല താലൂക്കിൽ കട്ടപ്പന, പാമ്പാടുംപാറ, ചിന്നക്കനാൽ, വാത്തിക്കുടി എന്നീ വില്ലേജുകളിലും, ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. പള്ളിവാസൽ, കീഴാന്തൂർ എന്നീ വില്ലേജുകളിലെ കുറ്റ്യാർവാലി, ചിത്തിരപുരം, കോവിൽക്കടവ് പ്രദേശത്തും ഭൂസമരത്തിന്റെ ഭാഗമായി കുടിൽകെട്ടി സമരങ്ങൾ നടത്തിയിട്ടുള്ളതാണ്. |
| എറണാകുളം | എറണാകുളം ജില്ലയിൽ പുത്തൻകുരിശ്, കീരംപാറ, വാരപ്പെട്ടി, ചൊവ്വര, ആലുവ ഈസ്റ്റ്, അങ്കമാലി, അയ്യമ്പുഴ, കോട്ടുവള്ളി, പുത്തൻവേലിക്കര, കുമ്പളം, തൃക്കാക്കര നോർത്ത്, മണകുന്നം, കടമക്കുടി, മരട്, ഇടപ്പിള്ളി സൗത്ത്, വാഴക്കാല, മൂവാറ്റുപുഴ, ഓണക്കൂർ എന്നീ വില്ലേജുകളിൽ കുടിൽകെട്ടി സമരം നടന്നിട്ടുള്ളതാണ്. |
| തൃശ്ശൂർ | തൃശ്ശൂർ ജില്ലയിൽ കാരമുക്ക്, മുള്ളൂർക്കര, വടക്കാഞ്ചേരി, ഇരിങ്ങപ്രം, കല്ലൂർ, പരിയാരം, പടിയൂർ, വരന്തരപ്പിള്ളി, അഴിക്കോട്, മടത്തുമ്പടി എന്നീ വില്ലേജുകളിൽ കുടിൽ കെട്ടിയുള്ള സമരങ്ങൾ നടന്നു. |
| മലപ്പുറം | 1) തിരൂർ താലൂക്കിൽ പുറത്തൂർ വില്ലേജിൽ, പടിഞ്ഞാക്കര എന്ന സ്ഥലത്തുള്ള സ്വകാര്യ ഭൂമി<br>2) തിരൂർ താലൂക്കിൽ താനാളൂർ വില്ലേജിൽപ്പെട്ട പട്ടർപറമ്പ് എന്ന സ്ഥലത്ത് 58 സെന്റ് വരുന്ന സ്വകാര്യ ഭൂമി.<br>3) പെരിന്തൽമണ്ണ താലൂക്കിൽ പാതായ്ക്കര വില്ലേജിൽ സർവ്വെ നമ്പർ.142/2 ൽ 0.70 ഏക്കർ പൊതു ആവശ്യത്തിന് നീക്കിവെച്ച പതിച്ചു കൊടുക്കാൻ പര്യാപ്തമല്ലാത്ത മിച്ചഭൂമി. |

| | |
|---|---|
| | 4) പെരിന്തൽമണ്ണ താലൂക്കിൽ പുഴാക്കാട്ടിരി വില്ലേജിൽ സർവ്വെ നമ്പർ.66/1 ൽ 0.77 ഏക്കർ പതിച്ച നൽകാൻ പര്യാപ്തമായ മിച്ചഭൂമി.<br>5) തിരൂരങ്ങാടി താലൂക്കിൽ പെരുവള്ളൂർ വില്ലേജിലെ റി.സ.193/2, 193/4 ൽപ്പെട്ട സുമാർ 10 ഏക്കർ മിച്ചഭൂമി മംഗലശ്ശേരി കൃഷ്ണൻ നമ്പൂതിരി പേരിലുള്ള മിച്ചഭൂമി കേസിലുൾപ്പെട്ടതും ഏറ്റെടുത്തിട്ടില്ലാത്തതുമായ ഭൂമി. ടി ഭൂമിയിൽ കുടിൽകെട്ടി സമരം ചെയ്തിരുന്നു.<br>6) നിലമ്പൂർ താലൂക്കിൽ ശ്രീ.കെ.ടി മൂസ്സകുട്ടി ഹാജിയിൽ നിന്നും ഏറ്റെടുത്ത വണ്ടൂർ വില്ലേജിലെ റീ.സ.421/2 ൽപ്പെട്ട 1.85 ഏക്കർ ഭൂമി. ടി ഭൂമിയിൽ കുടിൽകെട്ടി സമരം ചെയ്തിരുന്നു.<br>7) നിലമ്പൂർ താലൂക്കിലെ കരുളായി വില്ലേജിലെ മണ്ടൻമൊഴി (പിലാക്കോട്ടുപാടം) എന്ന സ്ഥലത്ത് കൈവശക്കാരുടെ സാന്നിദ്ധ്യമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന 1.40 ഏക്കർ ഭൂമി. ടി ഭൂമിയിൽ കുടിൽകെട്ടി സമരം ചെയ്തിരുന്നു.<br>8) നിലമ്പൂർ താലൂക്കിലെ വണ്ടൂർ വില്ലേജിൽ ശ്രീമതി.ഉമാദേവി അന്തർജനത്തിൽ നിന്നും ഏറ്റെടുത്തിട്ടുള്ള പുല്ലൂർ മിച്ചഭൂമി ബ്ലോക്ക് 78, 3/1 ൽ 7.45 ഏക്കർ ഭൂമി. ടി ഭൂമിയിൽ കുടിൽകെട്ടി സമരം ചെയ്തിരുന്നു.<br>9) നിലമ്പൂർ താലൂക്കിൽ കേരള എസ്റ്റേറ്റ് വില്ലേജിൽ ആർത്തല എസ്റ്റേറ്റിൽ 300 ഓളം ആളുകൾ കയറി കുടിൽകെട്ടി സമരം ചെയ്തിരുന്നു.<br>10) പൊന്നാനി താലൂക്കിൽ ഈഴവത്തിരുത്തി വില്ലേജിൽ റി.സ.269/11 ൽപ്പെട്ട 37 സെന്റ് മിച്ചഭൂമിയിൽ (ശ്രീമതി.പാലത്തുംവീട്ടിൽ കുഞ്ഞായിഷ എന്നവരിൽ നിന്നും ഏറ്റെടുത്തത്) കുടിൽകെട്ടി സമരം ചെയ്ത് വന്നിരുന്നു. |
| പാലക്കാട് | പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ പെരുങ്ങോട്ടുകുറിശ്ശി 2 വില്ലേജ് ബ്ലോക്ക് 4 റീ.സം.നം.132/2, 132/1, പുതുക്കോട് വില്ലേജ് ബ്ലോക്ക് 32 റീ.സ.നം.292/5 എരിമയൂർ-1 വില്ലേജ് ബ്ലോക്ക് 21 റീ.സ.നം.240/4. ചിറ്റൂർ താലൂക്കിൽ പുതുനഗരം വില്ലേജിൽ കരിപ്പോട് സർവ്വെ.നം.756/4, 866/12, 64/4, 62/16 പാർട്ട്, 62/9, മണ്ണാർക്കാട് താലൂക്കിൽ അരക്കുറിശ്ശി വില്ലേജ് സ.നം.9/13, ഒറ്റപ്പാലം താലൂക്കിൽ നാഗലശ്ശേരി വില്ലേജ് സ.നം.136/3, അമ്പലപ്പാറ 1 വില്ലേജ് സ.നം.95/3, പാലക്കാട് താലൂക്കിൽ പിരായിരി വില്ലേജ് ബ്ലോക്ക് 20, റി.സ.211/7, മലമ്പുഴ 1 വില്ലേജ് സ.നം.658/8 എ, 655/എ/5 പുതുശ്ശേരി ഈസ്റ്റ് വില്ലേജ് ബ്ലോക്ക് 32 റി.സ.നം.47/2, 3 |

| | |
|---|---|
| | എന്നിവയിൽ ഭൂസമരം നടന്നിട്ടുണ്ട്. |
| കോഴിക്കോട് | കോഴിക്കോട് താലൂക്കിൽ ബേപ്പൂർ വില്ലേജിലും നെല്ലിപ്പൊയിൽ വില്ലേജിലും കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ വില്ലേജിലും വടകര താലൂക്കിൽ മരുതോങ്കര, വിലങ്ങാട് വില്ലേജുകളിലും കുടിൽ കെട്ടി സമരം നടന്നു. |
| വയനാട് | വൈത്തിരി താലൂക്ക് - അരപ്പറ്റ<br>സുൽത്താൻബത്തേരി താലൂക്ക് - നെന്മേനി<br>മാനന്തവാടി താലൂക്ക് - തൊണ്ടർനാട് |
| കണ്ണൂർ | ഭൂരഹിതരുടെ പ്രക്ഷോഭത്തിന്റെ ഭാഗമായി തലശ്ശേരി താലൂക്കിൽ തൃപ്രങ്ങോട്ടൂർ, വേക്കളം, മാനന്തേരി എന്നീ വില്ലേജുകളിലും കണ്ണൂർ താലൂക്കിൽ പാണപ്പുഴ വില്ലേജിലും തളിപ്പറമ്പ് താലൂക്കിൽ കയരളം, ആലപ്പടമ്പ്, പരിയാരം, കൂവേരി എന്നീ വില്ലേജുകളിലും ഭൂസമരത്തിന്റെ ഭാഗമായി മിച്ചഭൂമി കയ്യേറി കുടിൽ കെട്ടിയിട്ടുണ്ട്. |
| കാസർഗോഡ് | ഭൂസമരത്തിന്റെ ഭാഗമായി കാസർഗോട് ജില്ലയിൽ, കാസർഗോഡ് താലൂക്കിൽ കയ്യാർ വില്ലേജിലും (ഗവ.ഭൂമി) ഹോസ്ദുർഗ് താലൂക്കിൽ ഭീമനടി വില്ലേജിൽ ബഡൂർ, ചീമേനി വില്ലേജിൽ കരിയാപ്പ്, കിനാനൂർ വില്ലേജിൽ തരിമ്പ, തടിക്കുന്ന്, കരിവാർകുന്ന്, തായന്നൂർ വില്ലേജിൽ കോട്ടപ്പാറ എന്നീ സ്ഥലങ്ങളിലും (മിച്ചഭൂമി) കുടിൽകെട്ടിയുള്ള സമരങ്ങൾ നടന്നു. |

(signature) 5-0